സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

നടപടി ക്രമം

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - ഇടുക്കി ജില്ല - വാച്ച്മാൻ തസ്തികയിലെ ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തത്തുല്യമാറ്റവും, സ്ഥലംമാറ്റവും - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇഡി3/1625/2024 ജീവനക്കാര്യം(ഡി) വിഭാഗം 29-11-2024

വായന:-1.09/10/2024 തീയതിയിലെ ഇഡി1/8331/2024 നടപടിക്രമം
2.12/11/2024 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം
3. 19-11-2024 തീയതിയിലെ ശ്രീ.ബിജിൻ ബൈജുവിൻറെ അപേക്ഷ
4. 14-11-2024 തീയതിയിലെ ഇജി3/34562/2023/ഡിടിഇ നംബർ സീനിയോറിറ്റി ലിസ്റ്റ്.

ഉത്തരവ്

വായന(1) പ്രകാരം ഇടുക്കി,നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജ് ഓഫീസ് അറ്റൻഡൻറിന് പ്രൊമോഷൻ ലഭിച്ച് വിടുതൽ ചെയ്തത് മൂലം, ഇടുക്കി ജില്ലയിൽ ടി തസ്തികയിൽ ഒരു ഒഴിവ് വന്നിരുന്നു.

പ്രസ്തുത ഒഴിവിലേക്ക് വായന (2) പ്രകാരം വാച്ച്മാൻ തസ്തികയിൽ നിന്നും തസ്തിക മാറ്റം നല്കി ഉത്തരവായിരുന്നു. എന്നാൽ ഇടുക്കി എഞ്ചിനീയറിങ് കോളേജിലെ വാച്ച്മാൻ ആയ ശ്രീ.ബിജിൻ ബൈജു സീനിയറാണെന്ന് ചൂണ്ടി കാട്ടി സൂചന (3) പ്രകാരം അപേക്ഷ നൽകുകയുണ്ടായി. വായന (4) സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻറെ അപേക്ഷ പരിഗണിക്കേണ്ടതായിട്ടു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വായന (2) നടപടിക്രമം പരിഷ്കരിച്ചും കൊണ്ട് താഴെ പറയുന്ന രീതിയിൽ ജീവനക്കാർക്ക് ഓഫീസ് അറ്റൻഡൻറ് തസ്തികയിലേക്ക് തത്തുല്യമാറ്റവും, ടി തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റവും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1.വാച്ച്മാൻ - ഓഫീസ് അറ്റൻഡൻറ് ആയുള്ള തത്തുല്യമാറ്റം

| ക്രമ നമ്പർ | ജീവനക്കാരൻറെ പേര്,സ്ഥാപനം,പെൻ | തത്തുല്യമാറ്റം അനുവദിക്കുന്ന തസ്തികയും,സ്ഥാപനവും |
|---|---|---|
| 1 | ശ്രീ.ബിജിൻ ബൈജു<br>വാച്ച്മാൻ,<br>സർക്കാർ എൻജിനിയറിങ് കോളേജ്,ഇടുക്കി<br>പെൻ - 887888<br>(അപേക്ഷ പ്രകാരം)<br>സീനിയോറിറ്റി ലിസ്റ്റ് ക്രമ നം. 24A | ഓഫീസ് അറ്റൻഡൻറ്<br>സർക്കാർ പോളിടെക്നിക് കോളേജ്,നെടുംകണ്ടം<br><br>(ശ്രീ.ബിജുമോൻ.സി.എസ്<br>ഓഫീസ് അറ്റൻഡൻറ്<br>വിടുതൽ ചെയ്ത ഒഴിവിൽ) ഈ തസ്തികയിൽ നിയമിച്ചിരുന്ന ശ്രീ. മനോജ് മാമച്ചനെ തിരികെ വാച്ച്മാൻ തസ്തികയിലേക്ക് വണ്ടിപെരിയാർ സർക്കാർ പോളിടെക്നിക്കിൽ നിയമിക്കുന്നു. |

2.വാച്ച്മാൻ സ്ഥലംമാറ്റം

| ക്രമ നമ്പർ | ജീവനക്കാരൻറെ പേര്,സ്ഥാപനം | സ്ഥലംമാറ്റം അനുവദിക്കുന്ന സ്ഥാപനം. |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ശ്രീ.ഷിബു.എ<br>വാച്ച്മാൻ,<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ<br>അടിമാലി<br>(അപേക്ഷ പ്രകാരം ) | സർക്കാർ എൻജിനിയറിങ് കോളേജ്,ഇടുക്കി<br>(ശ്രീ.ബിജിൻ ബൈജു - ന<br>ഓഫീസ് അറ്റൻഡൻറ് തസ്തികയിലേക്ക്<br>തത്തുല്യമാറ്റം ലഭിച്ച ഒഴിവ്) |

നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജിൽ ഓഫീസ് അറ്റണ്ടൻറ് തസ്തികയിലേക്ക് നിയമിച്ചിരുന്ന ശ്രീ.മനോജ് മാമ്മച്ചനെ വിടുതൽ ചെയ്യേണ്ടതും, ടിയാൻ സർക്കാർ പോളിടെക്നിക് കോളേജിലെ നിലവിലുള്ള വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

സ്ഥാപന മേധാവി ടി ജീവന ക്കാരുടെ വിടുതൽ / ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

അപേക്ഷ പ്രകാരമുള്ള സ്ഥലംമാറ്റത്തിന് ചേരുംകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വാച്ച്മാൻറെ സ്ഥലംമാറ്റം മൂലം അടിമാലി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ഉണ്ടാകുന്ന ടി തസ്തികയിലെ ഒഴിവ് പി എസ് സി - ക്കു റിപ്പോർട്ട് ചെയ്തു നികത്തേണ്ടതാണ്.

Sunilkumar C V
SENIOR ADMINISTRATIVE OFFICER

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവി മുഖേന)
3.ഇ-ഓഫീസ് കരുതൽ സഞ്ചയം
4പ്രിൻസിപ്പാൾ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ഇടുക്കി/ പ്രിൻസിപ്പൾ,സർക്കാർ പോളിടെക്നിക് കോളേജ് ,നെടുംകണ്ടം',പ്രിൻസിപ്പൾ,സർക്കാർപോളിടെക്നിക് കോളേജ് ,വണ്ടിപെരിയാർ,സൂപ്രണ്ട്,സർക്കാർടെക്നിക്കൽ ഹൈസ്കൂൾ, അടിമാലി ,(ഡിടിഇ വെബ് സൈറ്റ് വഴി)

Signed by
Sunilkumar C V
Date: 29-11-2024 11:39:43